**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2081** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | മികച്ച കായിക സംസ്കാരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ ഫണ്ട് /മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ 8 പദ്ധതികൾക്കും നടപ്പുസാമ്പത്തികവർഷത്തിൽ 2 പദ്ധതികൾക്കുമാണ് കായികവകുപ്പിന്റെ പദ്ധതിവിഹിതത്തിൽ നിന്നും തുക അനുവദിച്ചിട്ടുള്ളത്. 11 പദ്ധതികൾക്ക് എം.എൽ.എ ഫണ്ടും അനുവദിച്ചിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ഫണ്ടിന് പ്രത്യേകം ഭരണാനുമതി പുറപ്പെടുവിക്കുന്നതിനാൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശം (SoP) പുറപ്പെടുവിക്കുന്നത് പരിശോധിച്ച് വരുന്നു. ആയത് പുറപ്പെടുവിക്കുന്ന മുറയ്ക്ക് പദ്ധതി സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന, വിവിധയിടങ്ങളിൽ നിന്നുള്ള തുകകൾ നിക്ഷേപിക്കുന്നതിനു മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശ രഹിത സെപ്ഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട് . |
| (ബി) | പ്രസ്തുത പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ വൻമുഖം ഗവ.ഹൈസ്കൂൾ ഗ്രൗണ്ട് ഉൾപ്പെട്ടിട്ടുണ്ടോയെന്നും എങ്കിൽ നിർമ്മാണ നടപടികൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ? | (ബി) | കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്ത് വൻമുഖം എച്ച്.എസ്.എസ് ഗ്രൗണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട |

| | | | |
|---|---|---|---|
| | | | കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എയിൽ നിന്നോ ജില്ലാകളക്ടറിൽ നിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഈ പദ്ധതിക്കായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി നിലവിൽ വിവരം ലഭിച്ചിട്ടില്ല. അതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ